I ഇ.ബി. XIII- കേരള നിയമസഭ/IX-11

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂലൈ 8, തിങ്കൾ

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

**നക്ഷത്രചിഹനമിട്ട 221, 253 എന്നീ നമ്പർ ചോദ്യങ്ങളുടെയും നക്ഷത്ര ചിഹ്നമിടാത്ത 802–ാം നമ്പർ ചോദ്യത്തിന്റെയും തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിട്ട 221, 253 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 802–ാം നമ്പർ

ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫും മേശപ്പുറത്തുവച്ചു.

**ചരമോപചാരം**

മുൻമന്ത്രിയും ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന കെ. നാരായണക്കുറുപ്പ് മുൻമന്ത്രി എ. സി. ഷൺമുഖദാസ്, മുൻനിയമസഭാംഗങ്ങളായ എം. കെ. പുരുഷോത്തമൻ, സി. ബി. സി. വാര്യർ, മാലേത്ത് ഗോപിനാഥപിള്ള, തെങ്ങമം ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

മി. സ്പീക്കർ: സോളാർ തട്ടിപ്പുകേസ്സിലെ പരാതിക്കാരൻ ശ്രീധരൻ നായർ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ക്രിമിനൽ നടപടിച്ചട്ടം 164 പ്രകാരം നൽകിയ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് ഇന്ന് നൽകിയിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീധരൻ നായർ നൽകിയ രഹസ്യ മൊഴിയുടെ പകർപ്പ് ഇതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ അക്കാര്യം പരാമർശിക്കുന്നത് ചട്ടപ്രകാരം ശരിയല്ല. ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിന് ആധാരമായ കാര്യം 13.06.2013, 17.06.2013, 18.06.2013, 19.06.2013, 20.06.2013, 24.06.2013 എന്നീ തീയതികളിൽ അടിയന്തര പ്രമേയമായി ഉന്നയി ക്കുകയും 14.06.2013-ന് സബ്മിഷനായി അവതരിപ്പിക്കുകയും ചെയ്തിട്ടുള്ള താണെന്ന കാര്യംകൂടി ചെയർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇന്ന് സന്ദർശകരെ പ്രവേശിപ്പിക്കാത്തതു സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. “Visitors will not be admitted to the Public/Speaker’s/Distinguished Visitor’s Galleries of the Assembly chamber......” ഇത് 2000 ജൂലായ് 17–നും ഉണ്ടായിട്ടുണ്ട്.

**അടിയന്തര പ്രമേയം**

**സോളാർ തട്ടിപ്പ് കേസ്**

മി. സ്പീക്കർ: സോളാർ തട്ടിപ്പ് സംബന്ധിച്ച് കോടതി നിർദ്ദേശപ്രകാരം അന്വേഷണ സംഘം രജിസ്റ്റർ ചെയ്ത കേസിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള വരെ ഒഴിവാക്കുകയും ആഭ്യന്തര വകുപ്പുമന്ത്രിക്ക് ശാലു മേനോനും സരിതയും തമ്മിലുള്ളതായി പറയപ്പെടുന്ന ബന്ധമുൾപ്പെടെ നിർണ്ണായകമായ തെളിവുകളെല്ലാം നശിപ്പിച്ചുകൊണ്ട് കേസ് അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പത്തനംതിട്ട ജില്ലയിലെ കോന്നി അട്ടച്ചാലിൽ മല്ലേലിൽ ഇൻഡസ്ട്രീസ് ഉടമ ശ്രീധരൻ നായരുടെ

പക്കൽനിന്നും എറണാകുളം ചിറ്റൂർ റോഡിലെ ടീം സോളാർ റിന്യൂവബിൾ എനർജി സൊല്യൂഷൻസ് എന്ന സ്ഥാപനം നടത്തിവരുന്ന ലക്ഷ്മി നായരും

ബിജു രാധാകൃഷ്ണൻ എന്ന ആർ. ബി. നായരും ചേർന്ന് സർക്കാർ അധീനതയിലുള്ള കിൻഫ്ര പാർക്കിൽ ശ്രീധരൻ നായർ നടത്തിവരുന്ന ടി സ്ഥാപനത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാമെന്ന് വാഗ്ദാനം നൽകി 25.06.2012-ൽ 40 ലക്ഷം രൂപ കൈക്കലാക്കി വിശ്വാസവഞ്ചന നടത്തിയെന്ന് പരാതിപ്പെടുകയുണ്ടായി. ശ്രീധരൻ നായർ ബഹുമാനപ്പെട്ട പത്തനംതിട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II മുമ്പാകെ 12.06.2013-ന് സമർപ്പിച്ച അന്യായം സി.എം.പി. 4754/2013-ാം നമ്പരായി ഫയലിൽ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകി കോന്നി പോലീസ് സ്റ്റേഷനിൽ അയച്ചപ്രകാരം ലക്ഷ്മി നായരെയും ആർ. ബി. നായരെയും പ്രതികളാക്കി 14.06.2013-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1-6-2012 മുതൽ 30-6-2013 വരെ 87000-ൽ അധികം കോളുകളാണ് എന്റെ ഫോണിൽ വന്നിട്ടുള്ളത്. ഇതിൽ 23-5-13-ൽ 19 സെക്കന്റ് നീളുന്ന ഒരു കോൾ മാത്രമാണ് ഈ നമ്പരിൽ നിന്നും സരിതാ നായരെ തിരിച്ചു വിളിച്ചതായി കാണുന്നത്. തട്ടിപ്പ് കേസ്സിലെ പ്രതിയായ പി. ആർ. ഡി. ഡയറക്ടർ ഫിറോസിനെതിരെ നടപടിയെടുക്കണമെന്ന് 2010-ൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അന്നത്തെ സർക്കാരിനെ അറിയിച്ചിട്ടും ഫിറോസിനെ അഡീഷണൽ ഡയറക്ടറായി പ്രൊമോട്ട് ചെയ്തതായിട്ടാണ് കാണുന്നത്. സോളാർ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മറ്റു കേസ്സുകളോടൊപ്പം ഈ കേസ്സിന്റേയും

അന്വേഷണം സൗത്ത് സോൺ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം നടത്തിവരികയാണ്. ശ്രീധരൻ നായരുടെ പരാതിയിന്മേലുള്ള കേസിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെ ടെന്നി ജോപ്പനെ കുറ്റക്കാരനാണെന്ന് കണ്ട് 28-6-2013-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ടീം സോളാർ തട്ടിയെടുത്ത പണത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണ്. ശാലു മേനോൻ ഉൾപ്പെടെയുള്ള പ്രതികൾക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ശക്തമായ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്. പ്രൈവറ്റ് കംപ്ലെയിന്റിന്റെ അടിസ്ഥാനത്തിൽ സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് 30 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം കൃത്യമായി നടന്നുകൊണ്ടിരിക്കുകയും നടപടികൾ എടുത്തുകൊണ്ടിരിക്കുകയുമാണ്. സീൻ മഹസർ തയ്യാറാക്കുന്ന പ്രോസസ് നടന്നുകൊണ്ടിരിക്കുന്നു. സെക്ഷൻ 420 അനുസരിച്ച് ചീറ്റിംഗിനാണ് കേസ് എടുത്തിട്ടുള്ളത്. കേസ്സുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിച്ചിട്ടില്ല. കേസ്സ് അട്ടിമറിക്കുന്ന പ്രശ്നമില്ല. ശാലു മേനോനെ തിരുവനന്തപുരം എ.ഡി.ജി.പി ഓഫീസിൽ അറസ്റ്റുചെയ്തശേഷം പോലീസ് വാഹനത്തിലാണ് കൊണ്ടുപോയത്. അന്വേഷണം ഏത് ഏജൻസിയെ ഏൽപ്പിക്കാനും ഗവൺമെന്റ് തയ്യാറാണ്. 2010 ഡിസംബർ മാസം 14-ാം തീയതി അന്നത്തെ മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും കേരള സർക്കാരിന്റെ ചിഹ്നത്തോടുകൂടി ടീം സോളാർ കമ്പനിയുമായി ബന്ധപ്പെട്ട് നൽകിയ പരസ്യം ഉൾപ്പെട്ട ഇൻഡ്യൻ എക്സ്പ്രസ്സ് ദിനപത്രത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമസഭയിലേയ്ക്ക് പൊതുജനങ്ങൾക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് സഭാ സമ്മേളനം രഹസ്യ യോഗമാക്കി മാറ്റുകയും ചട്ടം 50 അനുസരിച്ച് ചർച്ച ചെയ്യുന്ന വിഷയം പൊതുജനങ്ങൾ അറിയാൻ പാടില്ലെന്ന് സഭാ നേതാവ് നിർദ്ദേശം നൽകുകയും ചെയ്തിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സമരത്തിന്റെ പേരിൽ സഭയ്ക്കകത്ത് പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടി മുൻപും സന്ദർശകരെ ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സന്ദർശകർക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ലെന്ന് മുൻകൂറായി നോട്ടീസ് ഇറക്കാതെയാണ് പൊതുജനങ്ങൾക്ക് പ്രവേശനം നിഷേധിച്ചിരിക്കുന്നത്. ചട്ടം 50 പ്രകാരമുള്ള ചർച്ചയിൽ ഗവൺമെന്റിന് ദോഷകരമായ ഭാഗങ്ങൾ വരുമെന്നുള്ളത് മനസ്സിലാക്കി പൊതുജനങ്ങളെ മാറ്റിനിർത്തിയിരിക്കുന്ന നടപടി ശരിയല്ല. സോളാർ തട്ടിപ്പിന്റെ പ്രഭവകേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസാണെന്ന് തെളിഞ്ഞിരിക്കുകയാണ്. സോളാർ തട്ടിപ്പ് കേസിലെ മുഖ്യ പരാതിക്കാരൻ ശ്രീധരൻ നായർ പത്തനംതിട്ട ജെ.എഫ്.എം.സി.(II) മുൻപാകെ ഒരു സ്വകാര്യ അന്യായം ഫയൽ ചെയ്തിരുന്നതിൽ സോളാർ തട്ടിപ്പ് കേസിലെ പ്രതിയോടൊപ്പം സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ പോകുകയും മുഖ്യമന്ത്രിയോടും മറ്റ് ഉദ്യോഗസ്ഥരോടും സംസാരിക്കുകയും പ്ലാന്റ് തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യാമെന്ന് വാഗ്ദാനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 3 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാൻ വേണ്ടി ചെക്ക് കൈമാറിയെന്നും അങ്ങനെയാണ് പ്രസ്തുത

തട്ടിപ്പിന് ഇരയായതെന്നും 2012–ൽ സരിത എസ്. നായർ ആണ് മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിക്കൊടുത്തതെന്നും പറയുന്നുണ്ട്. ശ്രീധരൻ നായരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫായ ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്ത് എഫ്.ഐ.ആർ. സമർപ്പിച്ചുവെങ്കിലും അതിൽ മുഖ്യമന്ത്രിയുടെ പേര് ചേർത്തിട്ടില്ല. ശ്രീധരൻ നായർ റാന്നി മജിസ്ട്രേറ്റ് കോടതിയിൽ 164 അനുസരിച്ച് സ്റ്റേറ്റ്മെന്റ് കൊടുത്തതിന്റെ അടിസ്ഥാന ത്തിൽ മുഖ്യമന്ത്രിയെ പ്രതി ചേർക്കണം. കുറ്റകൃത്യം നടന്ന സ്ഥലമായ മുഖ്യമന്ത്രിയുടെ ഓഫീസിൽ തെളിവെടുപ്പ് നടത്താനുള്ള നടപടി സ്വീകരിക്കുകയോ മഹസ്സർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സോളാർ തട്ടിപ്പ് കേസിലെ പ്രതികൾക്കെതിരെ ഐ.പി.സി. 120 (ബി) വകുപ്പ് പ്രകാരവും സർക്കാർ ഉദ്യോഗസ്ഥനായിരുന്ന ടെന്നി ജോപ്പനെതിരെ അഴിമതി നിരോധന നിയമപ്രകാരമുള്ള വകുപ്പുകൾ പ്രകാരവും കേസെടുക്കണം. ക്രിമിനൽ നടപടി നിയമത്തിലെ 102–ാം വകുപ്പു പ്രകാരം സോളാർ തട്ടിപ്പ് കേസ് പ്രതികളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്യാനും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ അംഗവും മറ്റൊരു പ്രതിയുമായ ജിക്കുമോൻ ജേക്കബിനെ പിടികൂടാനോ മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജിനേയും മുഖ്യമന്ത്രിയുടെ ഡൽഹിയിലെ സഹായി തോമസ് കുരുവിളയേയും കേസിലെ കൂട്ടുപ്രതിയാക്കാനോ തയ്യാറായിട്ടില്ല. സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ നിരീക്ഷണം ശരിയായ വിധത്തിൽ നടക്കുന്നതിനായി ഒരു സ്പെഷ്യൽ കോടതി രൂപീകരിക്കണം. 2012

സെപ്റ്റംബർ മാസത്തിൽ തലശ്ശേരി പോലീസ് സ്റ്റേഷനിലാണ് സോളാർ തട്ടിപ്പ് സംബന്ധിച്ച് ആദ്യമായി പരാതി ലഭിച്ചത്. അന്നുമുതൽ ഈ കേസ് അട്ടിമറിക്കാനുള്ള ശ്രമമാണ് ആഭ്യന്തര വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. കേസ് അന്വേഷണത്തിന്റെ ഭാഗമായി 2013 മെയ് മാസം 23–ാം തീയതി തലശ്ശേരി പോലീസ് തിരുവനന്തപുരത്തേയ്ക്ക് പുറപ്പെട്ടപ്പോഴാണ് സരിതാ നായർ ആഭ്യന്തര വകുപ്പുമന്ത്രിയെ വിളിച്ചതായിട്ട് അറിയുന്നത്. അതിനുശേഷം ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കണ്ണൂർ ഡിവൈ.എസ്.പി.യെ വിളിച്ച് നിർദ്ദേശിച്ചതനുസരിച്ചാണ് തലശ്ശേരി പോലിസ് സംഘം തിരിച്ചുപോയത്. തുടർന്ന് ഈ അന്വേഷണ സംഘത്തിൽപ്പെട്ടവരെ വിവിധ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് സ്ഥലം മാറ്റുകയാണുണ്ടായത്. ഇപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട ഫോൺ വിളികളുടെ ലിസ്റ്റ് പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കേരള പോലീസ് ആക്റ്റിലെ 31–ാം വകുപ്പനുസരിച്ച് പോലീസ് ശേഖരിക്കുന്ന ഫോൺകോളുകളുടെ വിശദാംശങ്ങൾ ഔദ്യോഗിക ആവശ്യത്തിനല്ലാതെ പുറത്തുവിടരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പോലീസിന്റെ കൈയിലുള്ള ഫോൺ കോളുകളുടെ വിശദാംശങ്ങൾ നിയമവിരുദ്ധമായി പുറത്തുവിട്ടതിലൂടെ ആഭ്യന്തര വകുപ്പുമന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ തട്ടിപ്പിനെ സഹായിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കണം. മുഖ്യമന്ത്രി രാജിവച്ച് ജുഡീഷ്യൽ അന്വേഷണത്തെ നേരിടണം. അതീവ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട ആളുകളുടെയെല്ലാം ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ പോലീസ് സൂപ്രണ്ടിന്റെ ഓർഡർ പ്രകാരം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണത്തിന് തലശ്ശേരി പോലീസ് തിരുവനന്തപുരത്തേയ്ക്ക് പുറപ്പെട്ടത് 2013 ജൂൺ മാസം 1-ാം തീയതിയാണ്. മറിച്ചുള്ള വിശദീകരണം തെറ്റാണ്. 164 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ് ഗവൺമെന്റിന് കിട്ടിയിട്ടില്ല. 2011 ജനുവരി മാസം മൂന്നാം തീയതി ടീം സോളാർ കമ്പനിക്ക് രജിസ്ട്രേഷൻ നൽകുന്ന സമയത്ത് അന്നത്തെ ഗവൺമെന്റ് കമ്പനിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടില്ല.

## വ്യക്തിപരമായ വിശദീകരണം

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ഇടുക്കി ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുത്തശേഷം തേക്കടിയിലേയ്ക്ക് ബോട്ട് യാത്ര നടത്തി മടങ്ങിവന്ന് രണ്ടു ദിവസം കഴിഞ്ഞ് സത്യവിരുദ്ധമായ വാർത്തകൾ പത്രങ്ങളിൽ വന്നത് എനിക്ക് മാനസിക സംഘർഷമുണ്ടാക്കിയിരിക്കുന്നു. ഗൺമാൻ, ഡ്രൈവർ എന്നിവരോടൊപ്പം ടൂറിസം വകുപ്പിന്റെ ബോട്ടിൽ കയറി തേക്കടിയിൽ പോയി അൽപ്പദൂരം പിന്നിട്ടപ്പോൾ വേണ്ടത്ര ലൈറ്റില്ലെന്ന് മനസ്സിലായതിനാൽ തിരിച്ചുവരികയും ഫോറസ്റ്റ് ബോട്ടിൽ ലേക്ക് പാലസിലേയ്ക്ക് പോകുകയും ചെയ്തു. സോളാർ തട്ടിപ്പു കേസ്സിലെ പ്രതി ആ യാത്രയിൽ കൂടെയുണ്ടായിരുന്നു എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. ഇത്തരം ആരോപണങ്ങൾ തെളിയിക്കുകയാണെങ്കിൽ

എം.എൽ.എ സ്ഥാനവും മന്ത്രി സ്ഥാനവും പൊതു പ്രവർത്തനവും രാജിവയ്ക്കാൻ തയ്യാറാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സാധാരണ ഇന്ത്യൻ പൗരന് കിട്ടേണ്ട പരിരക്ഷ ലഭിക്കണം. കേസന്വേഷണം ശരിയായ ദിശയിൽത്തന്നെ പോകും. ശ്രീധരൻ നായരിൽ നിന്നും എടുത്ത 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് കോടതിയിലാണ്. അതുസംബന്ധിച്ച് അറിയാൻ നിയമപരമായ അനുവാദമില്ല. മുഖ്യമന്ത്രിയെ പ്രതിയാക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിൽ പിന്നീട് മുഖ്യമന്ത്രിയുടെ പേര് എഴുതിച്ചേർക്കുകയാണ് ചെയ്തിരിക്കുന്നത്. ക്വാറി അസോസിയേഷന്റെ നിവേദനം സമർപ്പിക്കുന്നതിന് ഒരു ഗ്രൂപ്പായിട്ടാണ് ശ്രീധരൻ നായർ എന്നെ കാണാൻ വന്നത്. ജുഡീഷ്യൽ അന്വേഷണമുൾപ്പെടെയുള്ള ഒരു അന്വേഷണത്തെയും സർക്കാർ തിരസ്കരിക്കുന്നില്ല. പക്ഷേ ജുഡീഷ്യൽ അന്വേഷണത്തിന്റെ പേരിൽ കുറ്റക്കാരായവർ രക്ഷപ്പെടരുതെന്ന നിർബന്ധമുണ്ട്. ഇപ്പോൾ പോലീസിന്റെ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റക്കാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്നതു തന്നെയാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കൊലക്കേസിൽ പ്രതിയാകേണ്ട ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി ഒരു മണിക്കൂർ സംസാരിച്ചത് എന്താണെന്ന് വ്യക്തമാക്കണം. മുഖ്യമന്ത്രിയുടെ പേരിലുള്ള കത്തുപയോഗിച്ച് തട്ടിപ്പ് നടത്തുന്നുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്താതെ തുടർച്ചയായി തട്ടിപ്പ് നടത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുകയാണുണ്ടായത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ബിജു രാധാകൃഷ്ണനുമായി സംസാരിക്കാനിടയായ സാഹചര്യങ്ങൾ സംബന്ധിച്ച് സഭയിൽ പറഞ്ഞിട്ടുണ്ട്. ഇതിന്റെ പേരിൽ ഒരു പുകമറ സൃഷ്ടിക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. കേസന്വേഷണം ശരിയായ രീതിയിൽത്തന്നെ പൂർത്തിയാക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): ഈ തട്ടിപ്പിന് മുഖ്യമന്ത്രിയുടെ ഇടനിലക്കാരായി പ്രവർത്തിച്ചവരുടെ അക്കൗണ്ടുകൾ മരവിപ്പിക്കാൻ നടപടിയെടുത്തിട്ടില്ല. മുഖ്യമന്ത്രി സഭയിൽ സത്യം പറയാൻ തയ്യാറായിട്ടില്ല. മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പ്രതിസ്ഥാനത്ത് സംശയിക്കപ്പെടുന്ന കേസ്സിൽ പോലീസിന് സത്യസന്ധമായി അന്വേഷണം നടത്താൻ കഴിയില്ല. കേസ് സി.ബി.ഐ.ക്ക് വിടാനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തുന്നത്. പത്തനംതിട്ട കോടതിയിൽ ശ്രീധരൻ നായർ നൽകിയ അന്യായത്തിൽ മുഖ്യമന്ത്രിയുടെ പേരുണ്ടായിരുന്നു. മുഖ്യന്ത്രിയെ കേസ്സിൽ നിന്ന് ഒഴിവാക്കാനാണ് കേസ് സി.ബി.ഐ.യ്ക്ക് വിടാൻ ഗവൺമെന്റ് ശ്രമിക്കുന്നത്. മുഖ്യമന്ത്രി രാജിവച്ച് ജുഡീഷ്യൽ അന്വേഷണം നേരിടാൻ തയ്യാറാകണം.

(മുഖ്യമന്ത്രി രാജിവച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റ് വിട്ട് സ്പീക്കറുടെ ഡയസ്സിനു മുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സഭ രാവിലെ 11.17-ന്

നിറുത്തിവയ്ക്കുകയും 12.14-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു.)

## ക്രമപ്രശ്നം

### വസ്തുതാവിരുദ്ധമായ പരാമർശം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡിന് ടീം സോളാർ കമ്പനിയെ തെരഞ്ഞെടുത്തു വെന്ന് പറഞ്ഞ് പത്രവാർത്തയായി ആഭ്യന്തര വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച കടലാസ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതാ വിരുദ്ധവുമാണ്. പ്രസ്തുത പരാമർശത്തിന്മേൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2010 ഡിസംബർ 10-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ സംസ്ഥാന സർക്കാരിന്റെ പരസ്യവും ടീം സോളാറിന്റെ ഫീച്ചറും ടീം സോളാറിനെക്കുറിച്ചുള്ള ലേഖനവും ഒന്നിച്ച് വന്നത് എങ്ങനെയെന്നുള്ളതാണ് വിഷയം.

മി. സ്പീക്കർ: പരിശോധിച്ച് നാളെ റൂളിംഗ് നൽകാം.

(ആഭ്യന്തര വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച കടലാസ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതാവിരുദ്ധവുമായതിനാൽ പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നതിനാൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നതായി സ്പീക്കർ അറിയിക്കുകയും കാര്യപരിപാടിയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3(1) ഇനം അനുസരിച്ചുള്ള കടലാസ്സുകളും ചട്ടം 47(2), ചട്ടം 236(5), ചട്ടം 236(6) അനുസരിച്ചുള്ള കടലാസ്സുകളും മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2013-ലെ അബ്കാരി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി I-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി III-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബ്ജക്ട് കമ്മിറ്റി V-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(7) സബ്ജക്ട് കമ്മിറ്റി X-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(8) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(9) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒൻപതാമതും പത്താമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(10) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ പതിനാലാമതും പതിനഞ്ചാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(11) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

2013–2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കപ്പെട്ടു.

## സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): “ നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 153(2) പ്രകാരം ധനവിനിയോഗ ബിൽ ഉച്ചയ്ക്കുശേഷം 1.30-ന് വോട്ടിനിടണമെന്നുണ്ട്. ഇന്ന് സഭയിൽ സംജാതമായിരിക്കുന്ന സ്ഥിതിവിശേഷം പരിഗണിച്ച് കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഉടൻതന്നെ പരിഗണനയ്ക്കെടുക്കണമെന്ന് ചട്ടം 153(2)-ലെ മേൽപ്പറഞ്ഞ നിബന്ധന ഈ കാര്യത്തിനായി താൽക്കാലികമായി വേവ് ചെയ്യണമെന്നും ഈ സഭ തീരുമാനിക്കുന്നു ”എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### 2013-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു

.2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2013-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. .

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 12.38-ന് പിരിഞ്ഞു.

------